മി. സ്പീക്കർ: ചട്ടം 303 അനുസരിച്ച് അങ്ങേയ്ക്ക് എന്താണ് ഉന്നയിക്കാനുള്ളത്?

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സംസാരിച്ചപ്പോൾ അടിസ്ഥാനരഹിതമായ ആരോപണം ഉന്നയിക്കുന്ന ഒരാളാണ് ഞാൻ എന്നുപറഞ്ഞു. (.......ബഹളം....)

മി. സ്പീക്കർ: ചട്ടം 303 അനുസരിച്ചുള്ള അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ എന്താണ്? (....ബഹളം......).....പ്ലീസ്....ഇരിക്കൂ.....ഇരിക്കൂ..... (....ബഹളം......).

ശ്രീ. പി. ടി. തോമസ്: സർ, അവരെ നിയന്ത്രിക്കൂ. (....ബഹളം......).

മി. സ്പീക്കർ: അവരുടെ ബഹളമൊന്നും അങ്ങേയ്ക്ക് ബാധകമല്ലെന്ന് എനിക്കറിയാം. അങ്ങ് പറയൂ.

ശ്രീ. പി. ടി. തോമസ്: സർ, അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്ന ഒരു വിദഗ്ദ്ധനാണ് ഞാനെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു.(.....ബഹളം....) ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുന്നു, അത്തരമൊരു കാര്യം ചൂണ്ടിക്കാണിക്കാൻ അങ്ങ് തയ്യാറാണോ? എ.കെ.ജി. സെന്ററിന് ശ്രീ. എ. കെ. ആന്റണി അനുവദിച്ച സ്ഥലത്തേക്കാൾ ഒരു ഇഞ്ച്

ഭൂമിയെങ്കിലും കൂടുതലുണ്ടെങ്കിൽ ആ ഭൂമി വിട്ടുനൽകാൻ അങ്ങ് തയ്യാറാകുമോ? (....ബഹളം.....) ശ്രീ. എ. കെ. ആന്റണി അനുവദിച്ച സ്ഥലം രേഖയിലുണ്ട്. ആ രേഖയിലുള്ളതിനേക്കാൾ കൂടുതൽ സ്ഥലമുണ്ടെങ്കിൽ വിട്ടുനൽകാൻ അങ്ങ് തയ്യാറാകുമോ? അങ്ങ് കേരളത്തിന്റെ മുഖ്യമന്ത്രിയല്ലേ; ഞാൻ അങ്ങയെ വെല്ലുവിളിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ് അങ്ങ് ഇരിക്കു....(ബഹളം)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ ആരോപണം തന്നെ അടിസ്ഥാനരഹിതമാണ്. അതുപോലെയുള്ള അരോപണങ്ങളാണ് അദ്ദേഹം ഉന്നയിക്കാറുള്ളതെന്നാണ് ഞാൻ പറഞ്ഞത്. അദ്ദേഹം പറഞ്ഞ കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുകയും അതിൽ യാതൊരു വസ്തുതയും ഇല്ലെന്ന് ബോധ്യപ്പെട്ടിട്ടുള്ളതും കണ്ടെത്തിയതുമാണ്. അക്കാര്യം രേഖകൾ പ്രകാരം തെളിയിച്ചിട്ടുള്ളതുമാണ്. അതാണ് വസ്തുത.

മി. സ്പീക്കർ: ചട്ടം 285 അനുസരിച്ച് അങ്ങേയ്ക്ക് എന്താണ് ഉന്നയിക്കാനുള്ളത്.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട സ്പീക്കർ അൽപം മുൻപ് ശ്രീ. കടകംപള്ളി സുരേന്ദ്രന് ഒരു അവസരം നൽകി. ഈ സഭയിൽ വന്ന്

ഉത്തരംനൽകാൻ കഴിയാത്ത, കേരളത്തിന്റെ മുൻമുഖ്യമന്ത്രിയും മുൻ കേന്ദ്രമന്ത്രിയുമായ ശ്രീ. എ. കെ. ആന്റണിയെപ്പറ്റി വളരെ മോശമായ രീതിയിൽ, ശ്രീ. ജോൺ ഫെർണാണ്ടസ് ഒരു പരാമർശം നടത്തി. ഞാൻ അക്കാര്യം ഉന്നയിച്ചു. അങ്ങ് പരിശോധിക്കാമെന്ന് പറഞ്ഞിരുന്നു. സഭ പിരിയുന്നതിന് മുൻപ് അങ്ങ് റൂളിംഗ് നൽകണം.

മി. സ്പീക്കർ: അങ്ങനെയൊരു കീഴ്വഴക്കമില്ലല്ലോ ശ്രീ. കെ. സി. ജോസഫ്. സഭയിൽ ഉന്നയിക്കുന്ന കാര്യങ്ങൾ പരിശോധിക്കാനായി പ്രത്യേക procedure ഉണ്ട്. അത് പരിശോധിച്ച് നടപടി സ്വീകരിക്കും.

ശ്രീ. കെ. സി. ജോസഫ്: സർ, പരിശോധിക്കാൻ രണ്ട് മിനിട്ട് സമയം മതിയാകില്ലേ; എല്ലാം കമ്പ്യൂട്ടറിലല്ലേ? നാളെ ഇതെല്ലാം പത്രങ്ങളിൽ വന്നാൽ?

മി. സ്പീക്കർ: അദ്ദേഹം നടത്തിയ പരാമർശങ്ങളിൽ ശരിയുണ്ടോയെന്നും അതുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന് പറയുവാനുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്നും പരിശോധിച്ചശേഷമാണ് അക്കാര്യത്തിൽ തീരുമാനമെടുക്കുന്നത്. അതിനായി ഒരു ഫയൽ put up ചെയ്താണ് വരുന്നത്. അത് അങ്ങേയ്ക്കറിയില്ലേ? ഇതിന് മുൻപും ഉന്നയിക്കപ്പെട്ട കാര്യങ്ങളിലും അങ്ങനെതന്നെയായിരുന്നു. ഒരു ദിവസവും സഭ പിരിയുന്നതിന് മുമ്പ്

സഭാരേഖകളിൽ നിന്നും ഒഴിവാക്കിയെന്ന റൂളിംഗ് നൽകിയിട്ടില്ല. അങ്ങനെ ഒരു കീഴ്വഴക്കം ഇല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. എ. കെ. ആന്റണിയുടെ പൊതുജീവിതം എല്ലാപേർക്കും അറിയാവുന്നതാണ്. അദ്ദേഹത്തെപ്പോലൊരു വ്യക്തിയെക്കുറിച്ച് ഇവിടെ ഒരു അംഗം വളരെ അടിസ്ഥാനരഹിതമായ ആരോപണമാണ് ഉന്നയിച്ചത്. വാസ്തവത്തിൽ ആ സമയത്തുതന്നെ അങ്ങ് അത് റൂൾ ചെയ്യേണ്ടതായിരുന്നു. കാരണം അത് ശരിയായ നടപടിയല്ല. ഈ സഭയിൽ വന്ന് മറുപടി പറയാൻ ശ്രീ. എ. കെ. ആന്റണിക്ക് സാധിക്കില്ലല്ലോ? ആ നിലയിലേക്ക് നമ്മൾ നടത്തുന്ന ചർച്ചകളുടെ നിലവാരം പോകുന്നത് ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ലാത്തതൊന്നും ഉണ്ടാകില്ല. പരിശോധിച്ച് നടപടി സ്വീകരിക്കും. അതിനൊരു സമയം ആവശ്യമാണ്. മൂന്നേകാൽ മണിക്കാണ് അദ്ദേഹം ഇവിടെ സംസാരിക്കുന്നത്. അതിന് നാലുമണിക്കുള്ളിൽ തീരുമാനമെടുക്കണമെന്ന് പറഞ്ഞാൽ എങ്ങനെയാണ് സാധിക്കുന്നത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, അത്തരമൊരു പരാമർശം വന്നപ്പോൾതന്നെ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം പരാമർശങ്ങൾ ഈ വേദികളിൽ ചർച്ച ചെയ്യപ്പെടേണ്ടതല്ല. ഇന്നുമാത്രമല്ല, ഇത് എല്ലാപേർക്കും എല്ലാ കാലത്തേക്കുമായുള്ള സന്ദേശമായി തീരുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അത് അപ്പോൾ തന്നെ ഞങ്ങൾ പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: രേഖകകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. ഒരു സംശയവും വേണ്ട.